# പ്രഫ. കെ.എം ബഹാവുദ്ദീൻ

## ഉദാരവീക്ഷണമുള്ള ജ്ഞാനയോഗി ആദർശധീരനായ കർമയോഗി



**മാർക്സും** ഏംഗൽസും ചേർന്നെഴുതിയ മാർക്സിസത്തിന്റെ മൗലിക പ്രമാണ ഗ്രന്ഥമെന്നു ഇന്നു കരുതപ്പെടുന്ന കമ്യൂണിസ്റ്റ് മാനിഫെസ്റ്റോവിൽ അർഥപൂർണമായ ഒരു വാക്യമുണ്ട്. 'തത്വചിന്തകന്മാർ ലോകത്തെ വ്യാഖ്യാനിച്ചതുകൊണ്ടായില്ല, അവർ അതിനെ മാറ്റാനും ശ്രമിക്കണം' എന്നാണു ആ വാക്യത്തിന്റെ പൊരുൾ. ഇതു സാമാന്യ അർഥത്തിൽ എപ്പോഴും അനുവർത്തിക്കേണ്ട തത്വമാണ്. പണ്ഡിതന്മാർ കാര്യങ്ങൾ പഠിച്ചതുകൊണ്ടു മാത്രം സംതൃപ്തിയടയരുത്. അതിനനുസരിച്ച് സമൂഹത്തിൽ മാറ്റങ്ങൾ സൃഷ്ടിക്കാൻ പ്രവർത്തിക്കുകയും വേണം. മറ്റൊരു രൂപത്തിൽ പറഞ്ഞാൽ ഒരാൾ ജ്ഞാനയോഗിയായതുകൊണ്ടായില്ല; കർമയോഗി കൂടിയായിരിക്കണം എന്നു ചുരുക്കം.

എല്ലാ ചെറുതും വലുതുമായ ആധുനിക സമൂഹങ്ങളിൽ അത്തരം അപൂർവം അക്കാദമീഷ്യരും അക്ടിവിസ്റ്റുകളും ഇന്നുണ്ട്. അവരാണു ആ സമൂഹങ്ങളിലെ ഭൂമിയുടെ ഉപ്പ് എന്ന് പറയാം. ഇക്കഴിഞ്ഞ മാർച്ച് ഇരുപതിന് അന്തരിച്ച പ്രഫ. കെ.എം ബഹാവുദ്ദീൻ(82) അത്തരം ഒരു അക്കാദമിക്കും ആക്ടിവിസ്റ്റുമായിരുന്നു. ഉന്നത സാങ്കേതിക വിദ്യാഭ്യാസരംഗത്തെ അധ്യാപനമായിരുന്നു അദ്ദേഹത്തിന്റെ ദീർഘകാലത്തെ തൊഴിൽ. പിന്നീടദ്ദേഹം ഉന്നത മേഖലകളിൽ വിദ്യാഭ്യാസ ഭരണകർത്താവുമായി. രണ്ടു രംഗങ്ങളിലും പ്രശസ്ത നേട്ടങ്ങൾ കൈവരിച്ച അദ്ദേഹം അവയിൽനിന്നും ഔദ്യോഗികമായി വിരമിച്ചതിനു ശേഷം തന്റെ പഠനങ്ങളും ഗവേഷണങ്ങളും അവയനുസരിച്ചുള്ള പ്രായോഗിക സാമൂഹിക പ്രവർത്തനങ്ങളും തുടർന്നുകൊണ്ടിരുന്നു. ഒരു നല്ല ജ്ഞാനയോഗിയുടെയും കർമയോഗിയുടെയും ധന്യമായ ജീവിതമായിരുന്നു അത്.

അലീഗഢ് മുസ്‌ലിം സർവകലാശാലയുടെ എഞ്ചിനീയറിംഗ് കോളേജിൽനിന്നു സിവിൽ എഞ്ചിനീയറിംഗിൽ ബിരുദം നേടിയ ബഹാവുദ്ദീൻ കുറച്ചു കാലം അവിടത്തന്നെ ജോലി ചെയ്ത ശേഷം ഇംഗ്ലണ്ടിലെ മാഞ്ചസ്റ്റർ സർവകലാശാലയിൽ നിന്നു ബിരുദാനന്തര ബിരുദം നേടി. തിരിച്ചെത്തിയ അദ്ദേഹത്തിനു മുമ്പിൽ ധാരാളം അവസരങ്ങൾ തുറന്നു കിട്ടിയിരുന്നു. അദ്ദേഹം അധ്യാപകവൃത്തി തെരഞ്ഞെടുക്കുകയാണ് ചെയ്തത്. ഭാവി ഉയർച്ചകളും കനത്ത പ്രതിഫലവും ഉപേക്ഷിച്ചു തനിക്കു ആത്മസംതൃപ്തി നൽകുന്ന അധ്യാപകവൃത്തി തെരഞ്ഞെടുത്തതിലും ആ വ്യക്തിത്വത്തിന്റെ അക്കാദമിക ഘടകത്തിന്റെ പ്രതിഫലനം കാണാം.

1950ലെ രാധാകൃഷ്ണൻ കമീഷൻ ഉന്നത സാങ്കേതിക വിദ്യാഭ്യാസത്തിന്റെ വളർച്ചക്കു റീജ്യണൽ എഞ്ചിനീയറിംഗ് കോളേജുകൾ എന്ന ആശയം മുന്നോട്ട് വെക്കുകയും കേന്ദ്ര ഗവൺമെന്റ് അത് അംഗീകരിച്ചു നടപ്പാക്കി തുടങ്ങുകയും ചെയ്തിരുന്ന കാലമായിരുന്നു അത്. അന്നു കേരളത്തിൽ സ്ഥാപിക്കപ്പെട്ട എഞ്ചിനീയറിംഗ് വിദ്യാഭ്യാസ സ്ഥാപനമായിരുന്നു കോഴിക്കോട്ടിനടുത്തു ചാത്തമംഗലത്തെ റീജ്യണൽ എഞ്ചിനീയറിംഗ് കോളേജ്. അതൊരു വെല്ലുവിളിയായി ഏറ്റെടുത്ത് ബഹാവുദ്ദീൻ അവിടെ അധ്യാപകനായി ചേർന്നു. അധികം താമസിയാതെ അവിടെ പ്രിൻസിപ്പലായി നിയമിക്കപ്പെടുകയും ചെയ്തു.

ഖുർആനിൽ അറുനൂറിൽപരം സ്ഥലങ്ങളിൽ ആവർത്തിക്കുന്ന 'ഇൽമ്' എന്ന വാക്കും അതിന്റെ പല തരം വകഭേദങ്ങളും ഇസ്‌ലാം അറിവിനു നൽകുന്ന പ്രാധാന്യത്തെ വിളിച്ചോതുന്നുണ്ട്. എന്നാൽ പുരോഹിത വർഗം ശക്തിപ്പെട്ടതോടെ 'ഇൽമ്' എന്നതു മതപരമായ അറിവു മാത്രമാണെന്ന് സങ്കുചിതമായി വ്യാഖ്യാനിച്ചു. മാത്രമല്ല, അതിന്റെ അനിഷേധ്യതയ്ക്കു കോട്ടം തട്ടാതിരിക്കുന്നതിനു വേണ്ടി ഭൗതിക വിദ്യാഭ്യാസവും അതു നൽകുന്ന അറിവും നിഷിദ്ധമാണെന്നു വരെ വിധിച്ചുകളഞ്ഞു. രൂഢമൂലമായ ഇത്തരം അന്ധവിശ്വാസങ്ങൾക്കെതിരെയാണു ഇസ്‌ലാമിലെ ആദ്യകാല നവോത്ഥാന നായകന്മാർക്കു പോരാടേണ്ടി വന്നത്. തെക്കൻ കേരളത്തിൽ ആ പോരാട്ടം ഭാഗികമായി വിജയിച്ചെങ്കിലും മലബാറിൽ ചില പോക്കറ്റുകളിൽ നേരിയ ചലനങ്ങൾ മാത്രമേ അതിനു അന്നു സൃഷ്ടിക്കാൻ കഴിഞ്ഞുള്ളൂ. വക്കം, ആലപ്പുഴ, കൊടുങ്ങല്ലൂർ എന്നീ കേന്ദ്രങ്ങളിലും അവയുടെ പരിസര പ്രദേശങ്ങളിലുമുണ്ടായ വിദ്യാഭ്യാസ നവോത്ഥാനത്തിന്റെ പരമ്പരയിൽപെട്ട അഭ്യസ്തവിദ്യരാണു ആധുനിക വിദ്യാഭ്യാസ പ്രചാരണത്തിന്റെ ദീപശിഖ പിൻതലമുറക്കു കൈമാറിയത്. അവരിൽ അവിസ്മരണീയനായ ഒരാളാണു ബഹാവുദ്ദീൻ.

പ്രശ്നങ്ങളോടുള്ള ബഹാവുദ്ദീന്റെ സമീപനം ചരിത്രത്തിന്റെ അടിസ്ഥാനത്തിലും വസ്തുതകളുടെ വെളിച്ചത്തിലുമായിരുന്നു. പോർച്ചുഗീസ് തുടങ്ങിയ യൂറോപ്യന്മാരുടെ വരവിനും ആധിപത്യ സ്ഥാപന

ത്തിനും മുമ്പു കേരളത്തിലെ മുസ്‌ലിം സമൂഹം അന്നത്തെ സാമൂഹിക, രാഷ്ട്രീയ, സാമ്പത്തിക വൈജ്ഞാനിക രംഗങ്ങളിൽ വഹിച്ച തിളക്കമാർന്ന പങ്കു ക്രമേണ നഷ്ടപ്പെട്ടതിന്റെയും പിന്നീടുണ്ടായ അപചയത്തിന്റെയും കാരണങ്ങൾ ചരിത്രത്തിന്റെ ആഴങ്ങളിലേക്കു ആണ്ടിറങ്ങി പഠിച്ച അദ്ദേഹം എഴുതിയ കനപ്പെട്ട ലേഖനങ്ങളും പുസ്തകങ്ങളും അദ്ദേഹത്തിന്റെ പ്രതിബദ്ധതയോടു കൂടിയുള്ള ദീർഘകാല സാമൂഹിക പ്രവർത്തനങ്ങളുടെ ഉപോൽപ്പന്നങ്ങളാണെന്ന് പറയാം.

അങ്ങനെയാണ് ബഹാവുദ്ദീൻ ഒരേ സമയം ഉന്നത നിലവാരം പുലർത്തുന്ന അക്കാദമിക്കും ആക്റ്റിവിസ്റ്റുമായി മാറിയത്. തന്റെ ജീവിതത്തിന്റെ ഈ ദ്വന്ദ്വഭാവം അദ്ദേഹം അവസാന നിമിഷം വരെ നിലനിർത്തി. ദന്തഗോപുരവാസിയായ ചിന്തകനോ ചാരുകസേരാ പരിഷ്കർത്താവോ ആയിരുന്നില്ല അദ്ദേഹം. തന്റെ ആശയങ്ങൾക്കു പ്രായോഗിക രൂപം നൽകാൻ എന്തു ക്ലേശങ്ങൾ സഹിക്കാനും എപ്പോഴും സന്നദ്ധനായിരുന്നു. ഔദ്യോഗിക ജീവിതം അവസാനിപ്പിച്ചു എറണാകുളത്ത് താമസമാക്കിയതിനു ശേഷവും അദ്ദേഹം പൂർവാധികം കർമ നിരതനായിരുന്നു. വിദ്യാഭ്യാസത്തിലൂടെ സമൂഹത്തിന്റെ മോചനവും പുരോഗതിയും എന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ ആദർശവാക്യം. കേരള സംസ്ഥാന ഗവൺമെന്റ് നിയമിച്ച യു.ആർ അനന്തമൂർത്തി കമ്മിറ്റി മുതൽ യുനെസ്കോവിന്റെ വിദ്യാഭ്യാസ വിദഗ്ധ സമിതി വരെയുള്ള നിരവധി ഉന്നത പാനലുകളിൽ പ്രവർത്തിക്കുകയും ഇറാഖ് തുടങ്ങിയ പല രാജ്യങ്ങളിലെയും വിദ്യാഭ്യാസ നവീകരണത്തിനും പുനഃസംവിധാനത്തിനുമുള്ള പദ്ധതികളിൽ പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട് അദ്ദേഹം. തന്റെ മാതൃസ്ഥാപനമായ അലിഗഢ് മുസ്‌ലിം സർവകലാശാലയുടെ ഒരു പിൽക്കാല പ്രതിസന്ധിഘട്ടത്തിൽ, പ്രഗത്ഭനായിരുന്ന വൈസ് ചാൻസലർ സയ്യിദ് ഹാമിദ് സാഹിബിനോടൊപ്പം പ്രോ വൈസ് ചാൻസലറായി പ്രവർത്തിച്ചു സർവകലാശാലയുടെ ഭരണരംഗം ശുദ്ധീകരിക്കാനും കാര്യക്ഷമമാക്കാനും ബഹാവുദ്ദീന് അവസരം ലഭിക്കുകയുണ്ടായി. അതിനു ശേഷമാണ് അദ്ദേഹം കുറച്ചു കാലം ദൽഹിയിലെ നാഷ്നൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എജ്യുക്കേഷനൽ പ്ലാനിംഗ് ആന്റ് അഡ്മിനിസ്ട്രേഷന്റെ(NIEPA) ഡയറക്ടറായി പ്രവർത്തിച്ചത്.


അറിവിന്റെ പുതുമേഖലകൾക്കു പ്രാമുഖ്യം നൽകി വിദ്യാർഥികളുടെ ബുദ്ധിപരമായ കഴിവുകൾ പരമാവധി വികസിപ്പിക്കുന്നതിനോടൊപ്പം അവരെ സമൂഹത്തോടും രാജ്യത്തോടും പ്രതിബദ്ധതയുള്ള പൗരന്മാരായി വളർത്തിയെടുക്കുന്നതിനു വേറിട്ടൊരു വിശ്വവിദ്യാലയം സ്ഥാപിക്കുന്നതിനു വേണ്ടി ആരംഭിച്ച സോഷ്യൽ അഡ്വാൻസ്മെന്റ് ഫൗണ്ടേഷൻ ഓഫ് ഇന്ത്യ(SAFI)യുടെ ആരംഭകാലം മുതൽക്കുള്ള പ്രവർത്തനങ്ങളിൽ ബഹാവുദ്ദീൻ ഉത്സാഹപൂർവം സഹകരിച്ചു. ഈ ലേഖകനോടൊപ്പം സാഫിയുടെ സ്ഥാപക ട്രസ്റ്റിമാരിൽ ഒരാളായിരുന്നു അദ്ദേഹം. ചില ആരോഗ്യ പ്രശ്നങ്ങളുണ്ടായിരുന്നിട്ടും അതൊന്നും കണക്കിലെടുക്കാതെയാണു സാഫിയുടെ ആദ്യകാല പ്രവർത്തനങ്ങളിൽ അദ്ദേഹം മുടങ്ങാതെ പങ്കെടുത്തിരുന്നത്. അതോടൊപ്പം എറണാകുളം കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന പല പുരോഗമന പ്രസ്ഥാനങ്ങളിലും സംഘടനകളിലും സജീവവുമായിരുന്നു. ഇന്ത്യയുടെ ബഹുസ്വര സമൂഹ ജീവിത സാഹചര്യത്തിൽ പരസ്പര ധാരണയുടെയും സമചിത്തതയുടെയും സഹിഷ്ണുതയുടെയും സന്ദേശം പ്രചരിപ്പിക്കുന്നതിനു വേണ്ടി രൂപവത്കരിക്കപ്പെട്ട ഫോറം ഫോർ ഫെയ്ത് ആന്റ് ഫ്രറ്റേണിറ്റി(Forum for Faith and Fraternity)യുടെ പ്രചോദന കേന്ദ്രങ്ങളിൽ ഒന്ന് പ്രഫ. ബഹാവുദ്ദീനായിരുന്നു.

ബഹാവുദ്ദീൻ കോഴിക്കോട് റീജിയണൽ എഞ്ചിനീയറിംഗ് കോളേജിന്റെ പ്രിൻസിപ്പൽ ആയിരുന്ന സമയത്താണു രാജൻ സംഭവം നടന്നത്. അടിയന്തരാവസ്ഥകാലമായിരുന്നു. ഭരണകൂടവും പോലീസും തികച്ചും സ്വേഛാധിപത്യപരമായി കാര്യങ്ങൾ ചെയ്തിരുന്ന കാലം. ആർ.ഇ.സി വിദ്യാർഥിയായിരുന്ന രാജനെ വെളുപ്പിനു കോളേജ് ഹോസ്റ്റലിൽ നിന്നു ഹോസ്റ്റൽ വാർഡനെയോ പ്രിൻസിപ്പലിനെയോ അറിയിക്കാതെ പോലീസ് പിടിച്ചു കൊണ്ടു പോവുകയാണുണ്ടായത്. ഇതറിഞ്ഞപ്പോൾ പ്രഫ. ബഹാവുദ്ദീന്റെ ധാർമിക രോഷം കത്തിജ്വലിച്ചു. കോളേജ് പ്രിൻസിപ്പലെന്ന നിലയിൽ തന്റെ ഉത്തരവാദിത്തം നിറവേറ്റുന്നതോടൊപ്പം ഒരു അധ്യാപകനെന്ന നിലയിൽ വിദ്യാർഥിയോടുള്ള സ്നേഹവും പ്രബുദ്ധനായ ഒരു പൗരനെന്ന നിലയിൽ സമൂഹത്തോടുള്ള തന്റെ കടമയും അദ്ദേഹം യഥാവിധി നിർവഹിച്ചതുകൊണ്ടു മാത്രമായിരുന്നു ഗവൺമെന്റിന്റെ എല്ലാ നിഗൂഢ തന്ത്രങ്ങളെയും പോലീസിന്റെ എല്ലാ ക്രൂരനടപടികളെയും തോൽപ്പിച്ച് രാജന്റെ തിരോധാനത്തിനുത്തരവാദിയായ രാഷ്ട്രീയ നേതൃത്വത്തിനു കണക്കു പറയേണ്ടി വന്നത്. വർക്കല വിജയന്റെയും ബാലകൃഷ്ണന്റെയും മറ്റും തിരോധാനത്തിനു ഇനിയും തുമ്പുണ്ടായിട്ടില്ലെന്നോർക്കണം. രാജൻ കേസിൽ ബഹാവുദ്ദീന്റെ അചഞ്ചലവും ധീരവുമായ നിലപാടാണ് അന്നു ആഭ്യന്തര മന്ത്രിയായിരുന്ന കരുണാകരനു പിന്നീട് മുഖ്യമന്ത്രി പദം ഒഴിയേണ്ടി വന്നത്. പ്രലോഭനങ്ങളും കടുത്ത ഭീഷണികളും വകവെക്കാതെ ധീരമായി ബഹാവുദ്ദീൻ കൈക്കൊണ്ട നിലപാട് ആ വ്യക്തിത്വത്തിന്റെ സവിശേഷതകളിലേക്ക് വെളിച്ചം വീശുന്നു. അതു ഇന്നും സാർവത്രികമായി അനുസ്മരിക്കപ്പെടുകയും ചെയ്യുന്നു. ■

## വി.കെ മൊയ്തുഹാജി

# സൗമ്യനായ വിജ്ഞാനോപാസകൻ

**ഞങ്ങളുടെ** പ്രിയ ജ്യേഷ്ഠ സഹോദരൻ വി.കെ മൊയ്തുഹാജിയുടെ നിര്യാണം വടക്കെ മലബാറിലെ ഇസ്‌ലാമിക വിദ്യാഭ്യാസ നവോത്ഥാന രംഗത്ത് സൃഷ്ടിച്ച വിടവ് വളരെ വലുതാണ്. ഉത്തരമലബാറിലും ദക്ഷിണ കർണാടകയിലും വൈജ്ഞാനിക നവജാഗരണത്തിന് മൂന്ന് ദശകങ്ങൾക്ക് മുമ്പ് തിരികൊളുത്തിയ മുട്ടം തഅ്‌ലീമുൽ ഇസ്‌ലാം ട്രസ്റ്റിന്റെയും അതിന്റെ കീഴിൽ 1980ൽ ആരംഭിച്ച വാദിഹുദാ ഇസ്‌ലാമിക് കോംപ്ലക്സിന്റെയും സാരഥി എന്ന നിലക്ക് അദ്ദേഹം നിർവഹിച്ച ദൗത്യം അതിമഹത്തരമായിരുന്നു. ഉത്തര കേരളത്തിലും ദക്ഷിണ കർണാടകയിലും മദ്റസാ പ്രസ്ഥാനത്തിനും വിദ്യാഭ്യാസ പരിഷ്കരണത്തിനും നെടുനായകത്വം വഹിച്ച മർഹൂം ഇസ്സുദ്ദീൻ മൗലവിയുടെ ശ്രമഫലമായി മുട്ടം ഗ്രാമത്തിൽ ആരംഭിച്ച റഹ്മാനിയാ മദ്റസയിലെ പൂർവ വിദ്യാർഥികളിലൊരാളായ മൊയ്തു പിന്നീട് വാദിഹുദയുടെ സാരഥ്യം വഹിച്ചുകൊണ്ട് മേഖലയിൽ വൈജ്ഞാനിക നവജാഗരണം സൃഷ്ടിച്ചുവെന്നത് ചരിത്രത്തിന്റെ നിയതമായ തുടർച്ചയായിരിക്കാം. ജമാഅത്തെ ഇസ്‌ലാമിയുടെ ആഗമനത്തോടെ ഇന്ത്യയിലങ്ങുന്നിങ്ങോളം അലയടിച്ച പരിവർത്തനത്തിന്റെ ആന്ദോളനം മുൻ കേരള അമീർ മർഹൂം മുഹമ്മദലി ഹാജി എന്ന ഹാജിസാഹിബിലൂടെ 1948ൽ കേരളത്തിലും പരാവർത്തനം ചെയ്യപ്പെട്ടത് മുതൽ വടക്കെ മലബാറിലെ കണ്ണൂർ, വളപട്ടണം, മുട്ടം, പഴയങ്ങാടി, ഇരിക്കൂർ എന്നീ പ്രദേശങ്ങളിലും അതിന്റെ അലയൊലികൾ ആരംഭിച്ചു കഴിഞ്ഞിരുന്നു. ഈ പ്രദേശങ്ങളിലെ ഇസ്‌ലാമിക പ്രവർത്തനത്തിന് നേതൃത്വം നൽകാൻ നിയോഗിതനായ മർഹൂം കെ. മൊയ്തു മൗലവിയുടെ ശിഷ്യത്വം സ്വീകരിക്കാൻ സൗഭാഗ്യം ലഭിച്ച അപൂർവം ചിലരിൽ പെട്ടവരാണ് ഞങ്ങൾ. മുട്ടം അൽ മദ്റസത്തുൽ ഇസ്‌ലാമിയയിൽ എന്റെ സീനിയറായി പഠിച്ചിരുന്ന ജ്യേഷ്ഠന് മൊയ്തു മൗലവിയുടെ ലേഖനങ്ങൾ പകർത്തുന്നതിലൂടെ ലഭിച്ച പരിചയം പിന്നീട് പ്രബോധനമടക്കമുള്ള ചില പ്രസിദ്ധീകരണങ്ങളിൽ ലേഖനമെഴുതാൻ സഹായകമായിട്ടുണ്ട്.



മാടായി ഹൈസ്കൂളിലും പാലക്കാട് വിക്ടോറിയ കോളേജിലും പഠനം പൂർത്തിയാക്കിയ അദ്ദേഹത്തെ ഞങ്ങളുടെ അഭിവന്ദ്യപിതാവ് അബ്ബാസ് ഹാജി ശാന്തപുരം ഇസ്‌ലാമിയാ കോളേജിലയച്ചത് ഇസ്‌ലാമിക വിജ്ഞാനം കൂടി കരഗതമാക്കാനായിരുന്നു. കോളേജിൽ എന്റെ ജൂനിയറാണെങ്കിലും പല മേഖലകളിലും സതീർഥ്യർക്ക് മാർഗദർശിയും ഗുരുവുമായിരുന്നു അദ്ദേഹം. ഇംഗ്ലീഷ് ഭാഷയിൽ അദ്ദേഹത്തിനുണ്ടായിരുന്ന വൈഭവം പല സഹപാഠികളും പ്രയോജനപ്പെടുത്തിയിരുന്നു. ഇന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇസ്‌ലാമിക പ്രബോധകരും പ്രവർത്തകരുമായി അദ്ദേഹത്തിന്റെ സതീർഥ്യരുമുണ്ട്.

മുപ്പതാണ്ടുകളിലൂടെ വളർന്ന് പന്തലിച്ച പതിമൂന്നോളം മഹത്തായ സ്ഥാപനങ്ങൾ നേരിട്ട് മേൽനോട്ടം വഹിച്ചിരുന്ന അദ്ദേഹത്തിന് ജില്ലയിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി അഭേദ്യമായ ബന്ധമാണുണ്ടായിരുന്നത്. അതോടൊപ്പം വടക്കൻ മേഖലയിലെ ഇസ്‌ലാമിക പ്രവർത്തനങ്ങൾക്ക് അദ്ദേഹം ഏറ്റവും ശക്തനായ മാർഗദർശി കൂടിയായിരുന്നു. വിനയവും ലാളിത്യവും നിറഞ്ഞ പെരുമാറ്റമായിരുന്നു അദ്ദേഹത്തെ ജനഹൃദയങ്ങളിൽ പ്രതിഷ്ഠിച്ചത്. മിതഭാഷിയും ശാന്ത സ്വഭാവിയുമായിരുന്ന അദ്ദേഹം വാദിഹുദാ, വാദിസ്സലാം, വാദിനൂർ എന്നീ മൂന്ന് കാമ്പസുകളിലായി പരന്ന് കിടക്കുന്ന സ്ഥാപനങ്ങളിലെ ആയിരക്കണക്കിന് വിദ്യാർഥികളും അധ്യാപകരും ജീവനക്കാരുമടങ്ങുന്ന വലിയൊരു സമൂഹത്തിന്റെ ഉറ്റമിത്രവും സഹകാരിയുമായിരുന്നു. അവരുടെയൊക്കെ കുടുംബങ്ങളും ബന്ധുമിത്രാദികളുമായി വലിയൊരു സ്നേഹവൃന്ദം അദ്ദേഹത്തിന് ചുറ്റുമുണ്ടായിരുന്നു. ജാതിമതഭേദമന്യെ അവരുടെയൊക്കെ ആദരവും സ്നേഹവും സമ്പാദിക്കാൻ തുറന്ന മനസ്സും നിറഞ്ഞ ഹൃദയവും അദ്ദേഹത്തെ തുണച്ചു.

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വൈവിധ്യം കൊണ്ട് ശ്രദ്ധേയമായ ടി.ഐ.ടി ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസിലെ ഓരോ സ്ഥാപനത്തെക്കുറിച്ചും സൂക്ഷ്മമായ അറിവും നിയമവശങ്ങളെക്കുറിച്ച ആഴത്തിലുള്ള പഠനവും അദ്ദേഹത്തിന്റെ സവിശേഷതയായിരുന്നു. സ്ഥാപനങ്ങളുടെ സുഗമമായ നടത്തിപ്പിന് ആവശ്യമായ ഈ ഗുണം അധിക സ്ഥാപന അധികൃതരിലും വിരളമായേ കാണാറുള്ളൂ.

ജീവകാരുണ്യ പ്രവർത്തനങ്ങളിൽ എന്നും മുൻപന്തിയിൽ നിലകൊണ്ടിരുന്നു. സുനാമി തിരമാലകൾ സ്വന്തം ബിസിനസ് സ്ഥാപനത്തിന് ലക്ഷങ്ങളുടെ നഷ്ടംവരുത്തിയപ്പോഴും അതിൽ അന്തിച്ചിരിക്കാതെ ദുരിതബാധിതരായ ആളുകളെ രക്ഷിക്കുന്നതിലും സഹായിക്കുന്നതിലും സ്ഥാപനങ്ങളുടെ വാഹനം വിട്ടുകൊടുത്തും റിലീഫ് പ്രവർത്തനങ്ങളിൽ മുൻകൈയെടുത്തും കർമനിരതനാവുകയാണുണ്ടായത്. കടൽതീര വാസികൾ എന്നും അനുസ്മരിക്കുന്ന കാര്യമാണിത്. വാദിഹുദാ കാമ്പസിന്റെ ചുറ്റും താമസിക്കുന്ന ലക്ഷംവീടു കോളനി നിവാസികളായ നൂറുകണക്കിന് കുടുംബങ്ങൾക്ക് കുടിവെള്ളം നൽകാൻ നിർമിച്ച പദ്ധതി നടപ്പിൽ വരുത്തുന്നതിനും സൗജന്യ ഭക്ഷ

ണവും മറ്റ് സഹായങ്ങളും നൽകുന്നതിനും നേതൃത്വം നൽകിയതിലൂടെ ജീവകാരുണ്യരംഗത്ത് വമ്പിച്ച മാതൃകയാണ് അദ്ദേഹം കാഴ്ചവെച്ചത്.

കൃത്യനിഷ്ഠയും വാഗ്ദത്ത പാലനവും അദ്ദേഹത്തിന്റെ ഗുണങ്ങളായി ബന്ധപ്പെട്ടവർ പറയാറുണ്ട്. അനാരോഗ്യം അവശനാക്കുന്നത് വരെ കൃത്യസമയത്ത് വാദിഹുദാ ഓഫീസിലെത്തുകയും വിവിധ യോഗങ്ങളിൽ പങ്കെടുക്കുകയും ചെയ്തിരുന്നു. തന്നെ ബാധിച്ച മാരകമായ കരൾ രോഗത്തിന്റെ എല്ലാ ഭവിഷ്യത്തുകളും വ്യക്തമായി അറിയാമായിരുന്നിട്ടും ഒരിക്കൽ പോലും പരിഭവം പറയുകയോ നിത്യകർമങ്ങളിൽ വീഴ്ച വരുത്തുകയോ ചെയ്തിട്ടില്ല. കഴിവതും പ്രസന്നവദനനായിത്തന്നെ രോഗത്തെ അതിജീവിക്കാനും അവസാനം അതേ പുഞ്ചിരിയോടെ മരണം പുൽകാനും അദ്ദേഹത്തിന് സാധിച്ചുവെന്നത് നമുക്കേവർക്കും മഹത്തായ പാഠമാണ്. അല്ലാഹു അദ്ദേഹത്തിന്റെ സൽകർമങ്ങൾ സ്വീകരിച്ച്, പാപങ്ങൾ പൊറുത്ത്, ശാശ്വത ശാന്തിയുടെ അർഹമായ സ്വർഗം നൽകി അനുഗ്രഹിക്കുമാറാകട്ടെ! ആമീൻ.

■